## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1579 21.1.2014-ൽ മറുപടിക്ക്

### ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>,, സി. എഫ്. തോമസ്<br>,, ടി . യു . കുരുവിള<br>,, തോമസ് ഉണ്ണിയാടൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) വൻ നഗരങ്ങളിൽ ശാസ്ത്രീയമായി നടപ്പാക്കിയിട്ടുള്ള ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ കേരളത്തിലെ നഗരങ്ങളിൽ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | എ) കേരളത്തിലെ പ്രധാന നഗരങ്ങളിൽ നവീന രീതിയിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ വിശേഷിച്ചും മാലിന്യത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കാൻ കഴിയുന്ന തരത്തിൽ മറ്റ് വിദേശ രാജ്യങ്ങളിൽ നടപ്പിലാക്കി വിജയമെന്ന് കണ്ട മാതൃകയിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരത്തും എറണാകുളത്തും നവീന പ്ലാന്റുകൾ സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കുന്നതിന് നടപടി എടുത്തു വരുന്നു. |
| ബി) മാലിന്യം പൊതുനിരത്തുകളിലും ജലാശയങ്ങളിലും നിക്ഷേപിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | ബി) നിലവിലുള്ള ചട്ട പ്രകാരം മാലിന്യം പൊതുനിരത്തുകളിലും ജലാശയങ്ങളിലും നിക്ഷേപിക്കുന്നത് തടയുന്നതിലേയ്ക്ക് വേണ്ടി നടപടി സ്വീകരിക്കേണ്ട ഉത്തരവാദിത്തം അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. മാലിന്യം നിക്ഷേപം നടത്തുന്നവർക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് മുനിസിപ്പൽ നിയമവും പഞ്ചായത്ത് രാജ് നിയമവും 2011ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ